# എം.എൽ.എ. തെങ്ങുകയറി; ഉദ്ഘാടനം പുതുമയായി

**അടൂർ:** രാഷ്ട്രീയത്തിനും സിനിമാ അഭിനയത്തിനുമൊപ്പം തെങ്ങുകയറ്റവും വശമുണ്ടെന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ. പുതിയ യന്ത്രസംവിധാനം ഉപയോഗിച്ച് തെങ്ങിൽ കയറിയ എം.എൽ.എ.യെ കർഷകർ കൈയടിച്ച് പ്രോത്സാഹിപ്പിച്ചു. സംസ്ഥാന നാളികേര വികസന ബോർഡും പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും ചേർന്ന് നടപ്പാക്കുന്ന തെങ്ങിന്റെ 'ചങ്ങാതിക്കൂട്ടം' പരിപാടിയിലാണ് ചിറ്റയം ഗോപകുമാർ തെങ്ങിൽ കയറിയത്. കേരകൃഷിയുടെ വികസനത്തിനൊപ്പം കർഷകരുടെ പുരോഗതിയും ലക്ഷ്യമിട്ടാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം സംഘടിപ്പിക്കുന്നത്.

ചെത്തുതൊഴിലാളിയൂണിയൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗംകൂടിയായ ചിറ്റയം ഗോപകുമാർ തെങ്ങിൽ കയറി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. 20 പേർക്ക് ആറുദിവസത്തെ പരിശീലനമാണ് നൽകുന്നത്.

പൂർണ ആരോഗ്യമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കുമാണ് പരിശീലനം. തെങ്ങുകൃഷിയിലും വിദഗ്ധർ പരിശീലനം നൽകുന്നുണ്ട്. ഇവർക്ക് തെങ്ങുകയറ്റ യന്ത്രവും രണ്ടുലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും നൽകും.

പഴകുളം പാസ്സ് പ്രസിഡന്റ് സി.എം.ജോൺ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.ജി.രാജു, സി.വൈ.സൈമൺ, റിട്ട. ഡെപ്യൂട്ടി ജോയിന്റ് ഡയറക്ടർ കെ.കെ.സോമൻ എന്നിവർ പ്രസംഗിച്ചു.



പഴകുളം പാസ്സും സംസ്ഥാന നാളികേര വികസന ബോർഡും ചേർന്ന് നടപ്പാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയുടെ ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എം.എൽ.എ. തെങ്ങുകയറി നിർവഹിക്കുന്നു